3731/2024
30/12/2024

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെഎസ്എ കെടിഎം പി8/2020/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 23/12/2024
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഞീഴൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഞീഴൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഞീഴൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഞീഴൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

നമ്പർ: കെഎസ്എ കെടിഎം പി8/2020/2024 തീയ്യതി: 23/12/2024

## കോട്ടയം ജില്ലയിലെ ഞീഴൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

കോട്ടയം ജില്ലയിലെ ഞീഴൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2023 മുതൽ 31-10-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-12-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ,മാത്യൂ ജേക്കബ് | ഡെപ്യൂട്ടി ഡയറക്ടർ | 05-12-2024 | 13-12-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-12-2024 | 13-12-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി.സുലത.ഡി,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ.സുമേഷ് പി.വി ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.ജയശ്രീ പി.ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ജോഷി തോമസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ,ബിജു.എം.മാത്യൂസ് | സെക്രട്ടറി | 01-04-2023 | 04-05-2023 |
| ശ്രീ.കൃഷ്ണകുമാർ എം.എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-05-2023 | 02-06-2023 |
| ശ്രീ,ബിജു.എം.മാത്യൂസ് | സെക്രട്ടറി | 03-06-2023 | 17-03-2024 |
| ശ്രീ.കൃഷ്ണകുമാർ എം.എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-03-2024 | 31-03-2024 |
| ശ്രീമതി.സുഷമ പി.ആർ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ബിജിമോൾ പി.പി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2023 | 31-03-2024 |
| ശ്രീ.അരുൺ എൻ.എസ് | വി.ഇ.ഒ,കാട്ടാമ്പാക്ക് | 01-04-2023 | 31-03-2024 |
| ശ്രീ.നിഷാദ് | വി.ഇ.ഒ,ഞീഴൂർ | 01-04-2023 | 31-03-2024 |
| ശ്രീമതി.സിന്ധു വാസുദേവൻ | ഐ.സി.ഡി.എസ് ,സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീ.കൃഷ്ണകുമാർ എം.എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീമതി.ലീന.കെ | ഹെഡ് മാസ്റ്റർ,ഗവ.യു.പി സ്കൂൾ ,കാട്ടാമ്പാക്ക് | 01-04-2023 | 31-03-2024 |
| ശ്രീമതി.വിദ്യ.വി | കൃഷി ഓഫീസർ | 01-04-2023 | 18-05-2023 |
| ശ്രീമതി.ആഷ് ലി.മാത്യൂ | കൃഷി ഓഫീസർ | 19-05-2023 | 10-07-2023 |
| ശ്രീമതി.ശ്രുതി രാജ്.ആർ | കൃഷി ഓഫീസർ | 11-07-2023 | 31-10-2023 |
| ശ്രീമതി.സത്മ എം.ജെ | കൃഷി ഓഫീസർ | 01-11-2023 | 31-03-2024 |
| ശ്രീ.പ്രദീഷ് കുമാർ.സി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 11-07-2023 |
| ശ്രീമതി.ജിസ് ജോൺ | ഡയറി ഫാം ഇൻസ്ട്രക്ടർ | 12-07-2023 | 03-12-2023 |
| ശ്രീമതി.ശില്പ | ഡയറി ഫാം ഇൻസ്ട്രക്ടർ | 04-12-2023 | 31-03-2024 |
| ഡോ.സൗമ്യ.വി.ജോയ് | മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി | 01-04-2023 | 31-03-2024 |
| ഡോ.തുഷാര മാത്തുക്കുട്ടി | മെഡിക്കൽ ഓഫീസർ ,ആയുർവ്വേദം | 01-04-2023 | 31-03-2024 |
| ഡോ.രാജി ജെയിംസ് | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | മൂലധന നിക്ഷേപത്തിന്റെ മുന്നിരിപ്പ് വിശദാംശം ലഭ്യമല്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല | 1-1-3 |
| 5 | Prior Period വരവു ചെലവുകളുടെ വിശദാംശം നോട്സ് ഓൺ അക്കൗണ്ട്സ് ആയി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയില്ല. | 1-1-4 |
| 6 | Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല | 1-1-5 |
| 7 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-6 |
| 8 | ബി-4 ഷെഡ്യൂളിലെ തുകകളുടെ കൃത്യത വ്യക്തമല്ല | 1-1-7 |
| 9 | ഗുണഭോക്തൃ വിഹിതമിനത്തിൽ ബാലൻസ് തുക അവശേഷിക്കുന്നു. | 1-1-8 |
| 10 | B-7 ഷെഡ്യൂളിലെ തുകയുടെ കൃത്യത വ്യക്തമല്ല. | 1-1-9 |
| 11 | കാലഹരണപ്പെട്ട ചെക്കുകൾ ക്രമീകരിക്കാതെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു. | 1-1-10 |
| 12 | B-18 ഷെഡ്യൂളിലെ വിവിധ തുകകൾ അഡ്വാൻസ് രജിസ്റ്ററിൽ കൃത്യമായി ചേർത്തിട്ടില്ല | 1-1-11 |
| 13 | RP 40(b) പ്രകാരമുള്ള നീക്കിയിരുപ്പ് കൃത്യമല്ല | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക നില | 1-3 |
| 16 | ഗ്രാന്റ് വിനിയോഗം | 1-4 |
| 17 | വാർഷികപദ്ധതി | 1-5 |
| 18 | ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമപദ്ധതികൾ | 1-7 |
| 20 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 21 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 22 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 23 | BHIM-UPI-തുക എല്ലാ മാസവും പൊരുത്തപ്പെടുത്തൽ നടത്തി തനത് ഫണ്ടിലേക്ക് ട്രാൻസഫർ ക്രെഡിറ്റ് ചെയ്യുന്നില്ല | 1-11 |
| 24 | കെട്ടിട നിർമ്മാണ പെർമിറ്റ് -10 വർഷം കഴിഞ്ഞിട്ടും തറ നിർമ്മാണം പോലും പൂർത്തിയായില്ല. | 1-12 |
| 25 | വസ്തുനികുതി പരിഷ്കരണം-ഫീൽഡ് പരിശോധന പൂർത്തിയായില്ല | 1-13 |
| 26 | ഒപ്റ്റിക്കൽ ഫൈബർ പോളുകൾ സ്ഥാപിക്കൽ-സ്ഥാപനവുമായി കരാറിലേർപ്പെട്ടില്ല | 1-14 |
| 27 | IFTE & OS ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-15 |
| 28 | വാടക മുറി ഒഴിവായി കിടക്കുന്നു | 1-16 |
| 29 | ഇ.ടെണ്ടർ ഫീസ് പഞ്ചായത്തിന് പൂർണ്ണമായി ലഭിച്ചില്ല. | 1-17 |
| 30 | അസി. എഞ്ചിനീയറുടെ പേരിലുള്ള പഴയ അക്കൗണ്ട് ക്ലോസ്സ് ചെയ്തില്ല. | 1-18 |
| 31 | ബഡ്സ് സ്കൂൾ നിർമ്മാണം - നാളിതുവരെ പ്രവൃത്തി ലക്ഷ്യം കൈവരിച്ചില്ല. | 1-19 |
| 32 | ഫിറ്റ്നെസ്സ് സെന്റർ പൂർത്തീകരണം -ടെണ്ടർ നടപടികൾ ക്രമപ്രകാരമല്ല, അധികച്ചെലവ്. | 1-20 |
| 33 | സ്കൂളുകൾക്ക് ലാപ് ടോപ്പ് , പ്രൊജക്ടർ വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 1-21 |
| 34 | ഞീഴൂർ പി.എച്ച്.സി ക്ക് പുതിയ സബ്സെന്റർ - സെന്റർ പ്രവർത്തനക്ഷമമായില്ല. | 1-22 |
| 35 | കുട്ടികൾക്ക് നീന്തൽ പരിശീലനം - ക്വട്ടേഷൻ ക്ഷണിച്ചില്ല. | 1-23 |
| 36 | ഹരിത കർമ്മസേന-ഇലക്ട്രിക് പിക്അപ്പ് വാൻ ഫലപ്രദമായി ഉപയോഗിക്കാനാകുന്നില്ല | 1-24 |
| 37 | കാലിബാരൽവില – അക്കൗണ്ട് ചെയ്യുന്നതിലും അടവാക്കുന്നതിലും അപാകതകൾ. | 1-25 |
| 38 | വിവിധ പർച്ചേയ്സുകൾ - ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകളില്ല | 1-26 |

| | | |
|---|---|---|
| 39 | സ്ലീറ്റ്മെയിൻ സ്ഥാപിക്കൽ -പ്രവൃത്തികളുടെ പൂർത്തീകരണവിവരങ്ങളും ചെലവുതുകയുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമായിട്ടില്ല. | 1-27 |
| 40 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കിയില്ല | 1-28 |
| 41 | വരവ് ചെലവുകൾ ഇല്ലാത്ത അക്കൗണ്ടുകളിൽ തുക അവശേഷിക്കുന്നു | 1-29 |
| 42 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ | 1-30 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഫിറ്റ്നെസ്സ് സെന്റർ പൂർത്തികരണം -ടെണ്ടർ നടപടികൾ ക്രമപ്രകാരമല്ല, അധികച്ചെലവ്. | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക അംഗീകരിച്ചതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം. | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1.**ഞീഴൂർ** ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 22.05.2024 തീയതിയിലെ 1 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 29.05.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഞീഴൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

**തീയതി : 23.12.2024** **ഡെപ്യൂട്ടി ഡയറക്ടർ**

### 1-1-1 ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല

31/03/2024 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് മൂല്യത്തിന്റെ (2,406,086/- രൂപ) ആധികാരികത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല.

### 1-1-2 മൂലധന നിക്ഷേപത്തിന്റെ മുന്നിരിപ്പ് വിശദാംശം ലഭ്യമല്ല .

മൂലധന വർദ്ധനവ്(Capital Contribution) മുന്നിരിപ്പിന്റെ വിശദാംശം 2022-23 വരെയുള്ളത് ഫണ്ട് തിരിച്ചും സാമ്പത്തിക വർഷം തിരിച്ചും ലഭ്യമല്ല. മൂലധന വർദ്ധനവ് വ്യക്തമാക്കുന്ന Capital Contribution Register സൂക്ഷിച്ചിട്ടില്ല.

### 1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല .

26/07/2011-ലെ ജി.ഒ (എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

### 1-1-4 Prior Period വരവു ചെലവുകളുടെ വിശദാംശം നോട്സ് ഓൺ അക്കൗണ്ട്സ് ആയി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയില്ല.

Prior Period ആയി ക്രമീകരിച്ച തുകയുടെ വിശദാംശങ്ങൾ ( I -18 ഷെഡ്യൂൾ) സാക്ഷ്യപ്പെടുത്തി നോട്ട്സ് ഓൺ അക്കൗണ്ട്സ് ഓഡിറ്റിനായി ലഭ്യമാക്കിയില്ല. അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

### 1-1-5 Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല

Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെടുന്നതും ക്രമീകരിക്കപ്പെടുന്നതുമായ പാർട്ട് ബില്ലുകളുടെ വിശദാംശവും ആധികാരികതയും ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. തൻവർഷ പാർട്ട് ബില്ലുകൾ എല്ലാം Capital Work In Progress ആയി അക്കൗണ്ട് ചെയ്യപ്പെട്ടോ എന്നും ഫൈനൽ ബിൽ നൽകുമ്പോൾ മുൻപ് നൽകിയ പാർട്ട് ബില്ലുകൾ ക്രമീകരിക്കപ്പെട്ടോ എന്നും വ്യക്തതയില്ല.

### 1-1-6 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വാർഷികകണക്ക് ബി 9 ഷെഡ്യൂൾ പ്രകാരമുള്ള താഴെ പറയുന്ന തുകകൾ അതാതു ശീർഷകങ്ങളിൽ ഒടുക്കിയിട്ടുണ്ടോ എന്നത് വ്യക്തമല്ല.

| ക്രമ നം. | ശീർഷകം | ഇനം | തുക |
|---|---|---|---|
| 1 | 350300110 | Government &Other Dues Payable-Audit Recovery | 4000/- |
| 2 | 350300112 - | Government &Other Dues Payable Value Of Court Fee Stamp | 285/- |
| 3 | 350300199- | Government &Other Dues Payable Others | 40,607/- |

ക്രമ നം. 1 പ്രകാരമുള്ള തുക 4000/-രൂപ 2021-22 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-20(a) പ്രകാരം നിശ്ചിത ശീർഷകത്തിൽ സർക്കാരിലേയ്ക്ക് അടവാക്കേണ്ട തുകയായിരുന്നു. വാർഷികകണക്കുകളുടെ അപാകത സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.5/06.12.2024) മറുപടിയായി ടി. തുക നിശ്ചിത ശീർഷകത്തിൽ ട്രഷറിയിൽ അടവാക്കി രസീത് ഓഡിറ്റ് സമയത്ത് ഹാജരാക്കി.

സർക്കാർ/മറ്റ സ്ഥാപനങ്ങൾ സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി Government/Other ഡ്യൂസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച തുകകൾ ഒടുക്കി വിവരം ഓഡിറ്റിൽഅറിയിയ്ക്കേണ്ടതാണ്.

## 1-1-7 ബി-4 ഷെഡ്യൂളിലെ തുകകളുടെ കൃത്യത വ്യക്തമല്ല

ബി 4 ഷെഡ്യൂൾ പ്രകാരം ബാലൻസ് നിൽക്കുന്ന താഴെപ്പറയുന്ന തുകകളുടെ കൃത്യത അനുബന്ധ രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. തനതു ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുക എതാവശ്യത്തിന് ലഭിച്ച എന്ന് വ്യക്തമല്ല.

| ക്രമ നം | ശീർഷകം | ഇനം | തുക |
|---|---|---|---|
| 1 | 320100105 | Awards & Honours Centeral Govt. | 1,00,000/- |
| 2 | 320200104 | Contribution For Joint Venture Project(For Capital Expenditure)-From Block Panchayath | 13,151/- |
| 3 | 320700205 | Contribution For Joint Venture Project(For Revenue Expenditure)-From District Panchayath | 860,000/- |

തുകകളുടെ കൃത്യത വ്യക്തമാക്കേണ്ടതാണ്.

## 1-1-8 ഗുണഭോക്തൃ വിഹിതമിനത്തിൽ ബാലൻസ് തുക അവശേഷിക്കുന്നു.

ബി 4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃവിഹിതമിനത്തിൽ ബാലൻസ് തുക 46,344/--രൂപ (ശീർഷകം 320800101) അവശേഷിക്കുന്നു. എത് പ്രോജക്ട് പ്രകാരം ബാലൻസ് വന്ന തുകയാണ് ഇവ എന്ന കാര്യം വിശദീകരിച്ചില്ല. തുക വിനിയോഗിക്കാത്ത പക്ഷം ഗുണഭോക്തൃവിഹിതമിനത്തിൽ നിൽക്കുന്ന ബാലൻസ് തുക തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതാണ്.

## 1-1-9 B-7 ഷെഡ്യൂളിലെ തുകയുടെ കൃത്യത വ്യക്തമല്ല.

ബി7 ഷെഡ്യൂളിലെ താഴപ്പറയുന്ന തുകയുടെ വിശദാംശങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

| ക്രമ നം | ശീർഷകം | ഇനം | തുക |
|---|---|---|---|
| 1 | 340200199 | Other Deposits | 327,828/- |

തുകയുടെ കൃത്യത വ്യക്തമാക്കേണ്ടതാണ്. B-7 ഷെഡ്യൂൾ പ്രകാരമുള്ള എല്ലാ തുകകളുടേയും വിശദാംശങ്ങൾ ഉൾപ്പെടുത്തി ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-1-10 കാലഹരണപ്പെട്ട ചെക്കുകൾ ക്രമീകരിക്കാതെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

B9 ഷെഡ്യൂൾ 350800101 ഹെഡിൽ Stale Cheque 91,395/- രൂപ നാളിതുവരെ ക്രമീകരിക്കാതെ സൂക്ഷിച്ചിട്ടുണ്ട്. ആയതിന്റെ കാലപ്പഴക്കം കണക്കാക്കി തനത് ഫണ്ടിലേക്ക് ക്രമീകരിച്ച് വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-1-11 B-18 ഷെഡ്യൂളിലെ വിവിധ തുകകൾ അഡ്വാൻസ് രജിസ്റ്ററിൽ കൃത്യമായി ചേർത്തിട്ടില്ല

B-18 ഷെഡ്യൂളിലെ വിവിധ തുകകൾ വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ അഡ്വാൻസ് രജിസ്റ്ററിൽ കൃത്യമായി ചേർത്തിട്ടില്ല. ടി തുകകളുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല.

| ക്രമ നം | ശീർഷകം | ഇനം | തുക |
|---|---|---|---|
| 1 | 460100103 | Temporary Advances For Official Purposes | 18,755/- |
| 2 | 460400101 | Advance To Suppliers | 7761/- |
| 3 | 460500501 | Advance To Implementing Officers | 140,000/- |
| 4 | 460509901 | Advance To Others | 20,520 |

അഡ്വാൻസ് ഇനത്തിൽ ബാലൻസ് നിൽക്കുന്ന തുകകളുടെ കൃത്യത പരിശോധിച്ച് ഇവ ക്രമീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.വിവരം ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

### 1-1-12 RP 40(b) പ്രകാരമുള്ള നീക്കിയിരുപ്പ് കൃത്യമല്ല

Nationalised Bank Account Of Own Revenue Fund എന്ന അക്കൗണ്ടിൽ 633,733/- രൂപ RP 40(b) പ്രകാരം നീക്കീയിരുപ്പുള്ളതായി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു. നിലവിൽ ഗ്രാമ പഞ്ചായത്തിൽ ഇങ്ങനെ ഒരു അക്കൗണ്ട് നിലവിലില്ല. ഇത് 2022-23 വർഷത്തെ വാർഷിക കണക്കുകളുടെ അപാകതയായി പറഞ്ഞിരുന്നെങ്കിലും നിലവിലും പരിഹരിച്ചിട്ടില്ല.

### 1-2 ബജറ്റ്

ഞീഴൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 03.02.2023 ലെ 3(1)-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 09.02.2024 ലെ 1(1)-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് (01/04/2023) | 13,209,696.15 | 13,209,696.15 |
| 2023-24 വരവ് | 258,028,299.00 | 24,86,08,592.00 |
| ആകെ വരവ് | 271,237,995.15 | 26,18,18,288.15 |
| 2023-24 ചെലവ് | 266,945,799.00 | 25,80,86,592.00 |
| നീക്കിയിരിപ്പ് (31/03/2024) | 42,92,196.15 | 37,31,696.15 |

### 1-3 സാമ്പത്തിക നില

(റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ്(01/04/2023) | 11,323,307 |
| വരവ് | 32,805,691 |
| ആകെ | 44,128,998 |
| ചെലവ് | 33,762,445 |
| നീക്കിയിരിപ്പ് | 10,366,553 |

**ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം**

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 100,569,657 |
| ആകെ ചെലവ് | 106,900,171 |
| പ്രവർത്തന നഷ്ടം | 6330514 |
| മുൻകാല അക്കൌണ്ടിംഗ് ക്രമീകരണം(Prior Period Adjustment) | -8762456 |
| അറ്റ പ്രവർത്തന നഷ്ടം | 24,319,42 |

**ഓഡിറ്റ് സംഗ്രഹം**

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം | 13960 |
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ്ജ് ചെയ്യാവുന്നത്) | 13960 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1351946 |

**1-4 ഗ്രാന്റ് വിനിയോഗം**

ഞീഴൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ വിവിധ ഗ്രാന്റിനങ്ങളുടെ വിനിയോഗവിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 14,626,000 | 14,626,000 | 10703304 | 3922696 | 73.1% |
| വികസന ഫണ്ട്-SCP | 0 | 2546000 | 2546000 | 1746676 | 799324 | 68% |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 84503 | 2422000 + 61690 (പലിശ) | 2568193 | 1721946 | 846247 | 67% |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 2175594 | 1816500 | 3992094 | 2621748 | 1370346 | 65% |
| മെയിന്റനൻസ് ഗ്രാന്റ്- Road | 0 | 12966000 | 12966000 | 8263084 | 4702916 | 63% |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 3006600 | 3006600 | 2995769 | 10831 | 99% |
| ആരോഗ്യ ഗ്രാന്റ് | 248223 | 767698 | 1015921 | 209833 | 806088 | 20% |

| | | | | | | |
|---|---|---|---|---|---|---|
| (Diagnostic Infrastructure To The PHCs) | | | | | | |
| ആരോഗ്യ ഗ്രാന്റ്(പി.എച്ച്.സി കളുടെ നവീകരണത്തിനുള്ള തുക) | 120604 | 332801 | 453405 | 365899 | 87506 | 80.7% |
| ആരോഗ്യ ഗ്രാന്റ്(പി.എച്ച്.സി കളുടെ കെട്ടിട നിർമ്മാണത്തിനുള്ള തുക) | 0 | 2,805,500 | 2,805,500 | 0 | 2,805,500 | - |
| ഐ.സി.ഡി.എസ് | 145,402 | 1,004,224 | 1149626 | 582419 | 567207 | 50% |

ധനകാര്യകമ്മീഷൻഗ്രാന്റ്-Untied-84503/-(മുന്നിരിപ്പ്) 61690/-(പലിശ), 2023-24 വർഷം ട്രഷറി വരവ് (ഇല്ല), ബാങ്കിലെ വരവ് 2422600/- (1211000+1 1211000 ) എന്നിവ ഉൾപ്പെടെ ആണ്.

ധനകാര്യകമ്മീഷൻഗ്രാന്റ്-Tied-മുന്നിരിപ്പ് 2175594/ ബാങ്കിലെ വരവ് 1816500/- , (2023-24 വർഷം ട്രഷറി വരവ് ഇല്ല) എന്നിവ ഉൾപ്പെടെ ആണ്.

ധനകാര്യകമ്മീഷൻഗ്രാന്റിന്റെ ബാങ്ക് (കാനറാ ബാങ്ക് അക്കൗണ്ട് നം.6018101003757) പ്രകാരം നീക്കിയിരുപ്പ് തുക 2,202089/-രൂപയാണ്. സ്റ്റേറ്റ്മെന്റ് പ്രകാരം ബാലൻസ്, 2254253 രൂപയാണ്. എ.സി.ആർ പ്രകാരമുള്ള നീക്കിയിരുപ്പ് സുലേഖ ചെലവ് പത്രിക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. (2254253-2,202089=52164).

ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 1284716/-രൂപ, 366277/-രൂപ വീതം കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് നം/ പേര് | ചെലവ് | ഫണ്ടിനം |
|---|---|---|
| 265/23-24<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ ) | 150838/- | വികസനഫണ്ട് പൊതുവിഭാഗം |
| 259/23-24<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ ) | 150839/- | വികസനഫണ്ട് പൊതുവിഭാഗം |

| | | |
|---|---|---|
| 262/23-24<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ | 150839/- | വികസനഫണ്ട് പൊതുവിഭാഗം |
| 258/23-24<br>അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 277400/- | വികസനഫണ്ട് പൊതുവിഭാഗം |
| 261/23-24<br>അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 277400/ | വികസനഫണ്ട് പൊതുവിഭാഗം |
| 264/23-24<br>അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 277400/ | വികസനഫണ്ട് പൊതുവിഭാഗം |
| 260/23-24<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( എസ്.സി.പി. ) | 122092/- | വികസനഫണ്ട് എസ്.സി.പി. |
| 263/23-24<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( എസ്.സി.പി. ) | 122092/ | വികസനഫണ്ട് എസ്.സി.പി. |
| 266/23-24<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( എസ്.സി.പി. ) | 122093/ | വികസനഫണ്ട് എസ്.സി.പി. |
| ആകെ | 1650993/- | |

ഗ്രാന്റ് വിനിയോഗപത്രികയുടെ വരവ് ഭാഗത്ത് ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. ടി അപാകത നിലനിൽക്കെയാണ് അനുബന്ധം 2 ആയിട്ടുള്ള സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-5 വാർഷികപദ്ധതി

ഞീഴൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ 03-02-2024 ലെ 83898/23/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം അന്തിമ അംഗീകാരം ലഭിച്ചിരുന്നു. വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 12,11,41,049/-രൂപയാണ്. ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ പദ്ധതി രൂപീകരണ പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളും സമയക്രമവും ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി പുനസംഘടിപ്പിച്ച് അംഗീകരിച്ചത് | 26-12-22-ലെ 2(3) |
| വർക്കിംഗ് ഗ്രൂപ്പ് പുനസംഘടിപ്പിച്ച് അംഗീകരിച്ചത് | 16-12-22-ലെ 2(2) |
| ആസൂത്രണസമിതിയോഗം | 31/12/2022 |
| ഘടകസ്ഥാപനമേധാവികളുടെ യോഗം | 31/12/2022 |